# Desabhimani

# 31 August 2018

# After Flood, Proper Opening of Dams, Reduced the Impact

## ഡാമുകൾ കൃത്യമായി തുറന്നത് ആഘാതം കുറച്ചു: മന്ത്രി

**തിരുവനന്തപുരം**

അണക്കെട്ടുകൾ കൃത്യമായി തുറന്നതുമൂലമാണ് പ്രളയക്കെടുതിയുടെ അളവ് കുറയ്ക്കാൻ സഹായകമായതെന്ന് മന്ത്രി മാത്യു ടി തോമസ് പറഞ്ഞു. 1924ലെ പ്രളയകാലത്ത് പെയ്ത അളവിനു തുല്യമായ മഴയാണ് ഇത്തവണ ഉണ്ടായത്. അന്ന് 443 മില്ലിമീറ്റർ മഴയാണ് പെയ്തത്. ഇപ്പോൾ ആഗസ്ത് 15 മുതൽ 18 വരെ ദിവസങ്ങളിൽ മാത്രം 414 മില്ലിമീറ്റർ മഴ പെയ്തു.

1924ൽ പ്രളയകാലത്ത് ഭൂതത്താൻകെട്ടിനുതാഴെയും മുകളിലും ഒഴുകിയെത്തിയ ജലനിരപ്പ് അടയാളപ്പെടുത്തി. ഇത്തവണ മുകളിൽ പാലമറ്റത്ത് 1924ലെ ജലനിരപ്പിന്റെ ഒമ്പതടി താഴെയാണ് വെള്ളം ഒഴുകിയെത്തിയത്. താഴെ കാലടിയിൽ 1924നെ അപേക്ഷിച്ച് 1.42 മീറ്റർ താഴ്ചയിലാണ് ജലനിരപ്പ് എത്തിയത്. ഇത് ജലപരിപാലനത്തിലെ സർക്കാർ ഇടപെടലിന്റെ പ്രതിഫലനമാണ്. അണക്കെട്ടുകൾ തുറന്നുവിട്ടതാണ് പ്രളയത്തിന് കാരണമെന്ന വാദം ശരിയല്ല.

**അവശേഷിക്കുന്നത് മൂന്നുശതമാനം കുടിവെള്ളപദ്ധതിയുടെ അറ്റകുറ്റപ്പണി മാത്രം**

തോട്ടപ്പള്ളി സ്പിൽവേയിലെ 61 ഷട്ടറുകളും തുറന്നു. നിർമാണം പുരോഗമിക്കുന്നതും വൈദ്യുതി ലഭ്യമായിട്ടില്ലാത്തതുമായ 28 ഷട്ടറുകൾ ജനറേറ്റർ സഹായത്തോടെ ഉയർത്തി. സ്പിൽവേയിലെ മണ്ണുമാറ്റൽപ്രക്രിയ ഏറ്റെടുത്തു.

പൊഴിമുറിച്ച് അധികവെള്ളം തുറന്നുവിട്ടു. ആഗസ്ത് രണ്ടാം വാരത്തിൽത്തന്നെ പൊഴിമുഖത്തിന്റെ വീതി 250 മീറ്ററാക്കി വർധിപ്പിച്ചു.

അണക്കെട്ടുകൾ തുറക്കാൻ വ്യക്തമായ മുന്നൊരുക്കങ്ങളും മുന്നറിയിപ്പുകളുമുണ്ടായിരുന്നു. ദുരന്തത്തെ നേരിടാൻ മന്ത്രിമാർ ഒറ്റക്കെട്ടായി രംഗത്തിറങ്ങി. 1083 കുടിവെള്ളപദ്ധതികളിൽ 504 എണ്ണത്തിനും കേടുപാടുണ്ടായി. 52.46 ശതമാനമാണ് പ്രവർത്തനരഹിതമായത്.

നിലവിൽ മൂന്നുശതമാനത്തിന്റെമാത്രം അറ്റകുറ്റപ്പണിയാണ് അവശേഷിക്കുന്നത്. വാട്ടർ അതോറിറ്റി ശുചീകരിക്കുന്ന കുടിവെള്ളം പ്രളയബാധിത മേഖലയിൽ എത്തിക്കുന്നതിന് തദ്ദേശ സ്ഥാപനങ്ങളുടെ സഹായം തേടിയിട്ടുണ്ടെന്നും മന്ത്രി പറഞ്ഞു.